# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ഇന്ദിരാ ആവാസ് യോജന ഫണ്ട്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 274

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എ.കെ. ബാലൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി.റ്റി.എ. റഹീം | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജന നടത്തിപ്പിന് 2011-12 മുതൽ 2013-14 വരെയുള്ള കാലഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട ബാക്കി തുകയും വരുന്ന വർഷം ആവശ്യമുള്ള തുകയും പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 15.09.2011 മുതൽ ഐ.എ.വൈ. വീടുകളിൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്കും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കും 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കൾക്ക് 2.50 ലക്ഷം രൂപയായും തുക വർദ്ധിപ്പിച്ചു നൽകുവാൻ സർക്കാർ തീരുമാനിച്ചു. കേന്ദ്രസർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയായ 48,500 രൂപയ്ക്കുമേലുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും വീതിച്ചു നൽകുവാൻ ഉത്തരവായിരുന്നു. ത്രിതല പഞ്ചായ ത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക നീക്കിവച്ചു വിതരണം ചെയ്തിട്ടുണ്ട്. ആവശ്യ മായ തുക കണ്ടെത്തുവാൻ സാധിക്കാത്ത ബ്ലോക്കു പഞ്ചായത്തുകളിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പാ തുക ബ്ലോക്ക് പഞ്ചായത്തുകൾ 10 വാർഷിക ഗഡുക്കളായി അടയ്ക്കു |

വാനും പലിശ സംസ്ഥാന സർക്കാർ വഹിക്കു വാനും തീരുമാനിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷംവരെ സംസ്ഥാന സർക്കാർ പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് യഥാക്രമം 75,000 രൂപ, 1ലക്ഷം രൂപ, 1.25 ലക്ഷം രൂപ എന്ന നിരക്കിലാണ് നൽകി വന്നിരുന്നത്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക കണ്ടെത്തുവാൻ പ്രയാസം നേരിടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ 2012-13 മുതൽ താഴെ പറയുംപ്രകാരം ഓരോ വീടിനും അധികസഹായം നൽകുവാൻ തീരുമാനിച്ചു.

*(തുക രൂപയിൽ)*

| വർഷം | കേന്ദ്രയൂണിറ്റ് കോസ്റ്റ് തുക | അധിക സംസ്ഥാന വിഹിതം |
|---|---|---|
| 2012-13 | 48,500 | 75,000 |
| 2013-14 | 70,000 | 50,000 |
| 2014-15 | 70,000 | 50,000 |

2012-13, 2013-14 വർഷങ്ങളിൽ കേന്ദ്ര യൂണിറ്റ്കോസ്റ്റും അധിക സംസ്ഥാന വിഹിതവും കഴിച്ചുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്ന് 25 :50 :25 എന്ന അനുപാതത്തിൽ നൽകുവാൻ ഉത്തരവായി. 2014-15 ൽ ഇത് 25 :40 :35 എന്ന അനുപാതത്തിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്. 2012-13 ൽ സംസ്ഥാന സർക്കാർ അധികസഹായമായി നൽകേണ്ട 336.76 കോടി രൂപയിൽ 209.75 കോടി രൂപ ഇതിനകം നൽകികഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന തുകയിൽ 2013-14 ൽ നൽകുവാനുള്ള 228.69 കോടി രൂപയും നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

<table>
<tr>
<td>(ബി)</td>
<td>ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടുകളെല്ലാം ഇന്ദിരാ ആവാസ് യോജന നടത്തിപ്പിനായി നീക്കിവയ്ക്കണമെന്ന തരത്തിലുള്ള നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിരിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;</td>
<td>(ബി)</td>
<td>2012-13 മുതൽ ബ്ലോക്ക് പഞ്ചായത്തുകൾ ഐ.എ.വൈ. പദ്ധതിക്ക് മാറ്റിവയ്ക്കേണ്ട തുകയും അവർക്ക് സംസ്ഥാന സർക്കാർ പദ്ധതി വിഹിതമായി നൽകുന്ന തുകയും താഴെപറയും പ്രകാരമാണ്.<br><br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>ഐ.എ.വൈ.ക്കു വകയിരുത്തേണ്ട തുക</th><th>പദ്ധതി വിഹിതം</th></tr>
<tr><td>2012-13</td><td>179.49</td><td>375.174</td></tr>
<tr><td>2013-14</td><td>177.34</td><td>531.578</td></tr>
<tr><td>2014-15</td><td>207.61</td><td>621.480</td></tr>
</table>
മുകളിൽ പറഞ്ഞ രീതിയിൽ പദ്ധതി വിഹിതം ലഭ്യമാക്കിയതിനാൽ ഐ.എ.വൈ. നടത്തിപ്പിനായി പദ്ധതി വിഹിതം നീക്കിവയ്ക്കുന്നതുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനത്തിന് തടസ്സം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.</td>
</tr>
<tr>
<td>(സി)</td>
<td>ഇന്ദിരാ ആവാസ് യോജന പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്ന ആനുകൂല്യം വർദ്ധിപ്പിച്ചതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതത്തിൽ വർദ്ധനവ് വരുത്താൻ തയ്യാറാകുമോ?</td>
<td>(സി)</td>
<td>താഴെ പറയുംപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2011-12 മുതൽ പദ്ധതി വിഹിതത്തിൽ ഓരോ വർഷവും വർദ്ധനവുവരുത്തി തുക അനുവദിച്ചിട്ടുണ്ട്.<br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതി വിഹിതം</th></tr>
<tr><td>2011-12</td><td>356.048</td></tr>
<tr><td>2012-13</td><td>375.174</td></tr>
<tr><td>2013-14</td><td>531.578</td></tr>
<tr><td>2014-15</td><td>621.480</td></tr>
</table></td>
</tr>
</table>

സെക്ഷൻ ഓഫീസർ